II ഇ.ബി. XV- കേരള നിയമസഭ/VII-1

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ഡിസംബർ 05, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1(*1) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ വിപണിയിടപെടൽ നടത്തിവരുന്നതായും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ

പരിശോധന നടത്തിവരുന്നതായും ഇടനിലക്കാരെ ഒഴിവാക്കി ഉല്പാദക സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് വിവിധ ഉല്പന്നങ്ങൾ നേരിട്ടെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സഭയെ അറിയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിലൂടെ 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുകയും ഉത്സവ സീസണുകളിൽ സംസ്ഥാനത്തുടനീളം ഉത്സവച്ചന്തകൾ ആരംഭിക്കുകയും ചെയ്യുന്നുണ്ട്. പൊതുവിപണിയിൽ അരിവില വർദ്ധിച്ചപ്പോൾ തീരദേശ – മലയോര – ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് 'അരിവണ്ടി'യുടെ സേവനം ജനങ്ങളിലേക്ക് എത്തിക്കുകയും പൊതുവിപണിയിലെ പുഴുക്കലരിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിനനുവദിക്കുന്ന ധാന്യവിഹിതത്തിൽ 50% പുഴുക്കലരി നൽകണമെന്ന് കേന്ദ്ര പൊതുവിതരണ മന്ത്രാലയത്തോട് ആവശ്യപ്പെടുകയും മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ധാന്യവിഹിതം അനുവദിക്കുകയും സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ

നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും റേഷൻകടകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഗ്യാരന്റിയിൽ ബാങ്കുകളിൽനിന്ന് 3% പലിശ സബ്സിഡിയോടെ 2 ലക്ഷം രൂപവരെ ലോൺ ലഭ്യമാക്കാനുദ്ദേശിക്കുന്നതായും റേഷൻ കടകളിലൂടെ മറ്റ് അവശ്യസാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനായി കെ-സ്റ്റോർ (കേരള സ്റ്റോർ) പ്രവർത്തനമാരംഭിക്കുമെന്നും റേഷൻ കാർഡില്ലാത്ത അതിദരിദ്രർക്ക് ആധാർ കാർഡുൾപ്പെടെ ലഭ്യമാക്കി റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും നെല്ലിന്റെ സംഭരണവില കൃത്യമായി ലഭ്യമാക്കുന്നുണ്ടെന്നും ഇലഞ്ഞിയിലെ പഴം-പച്ചക്കറി സംസ്കരണശാലയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) <u>നവകേരളം കർമ്മപദ്ധതി 2</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളെയും കേരള പുനർ നിർമ്മാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുള്ളതെന്നും ഇവയുടെ ഏകോപനം, പൊതു ലക്ഷ്യങ്ങൾ,

സംയോജന സാദ്ധ്യതകൾ, ക്യാമ്പയിനുകൾ, മോണിറ്ററിംഗ് സംവിധാനം എന്നിവ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഓരോ മിഷനുമായും ബന്ധപ്പെട്ട മന്ത്രിമാർ അദ്ധ്യക്ഷരായ കർമ്മസമിതികൾ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നതോടൊപ്പം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രതിപക്ഷനേതാവും ബന്ധപ്പെട്ട മന്ത്രിമാരുമുൾപ്പെടുന്ന സംസ്ഥാനസമിതി ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ലൈഫ് മിഷൻ ഭവന പദ്ധതിപ്രകാരം മൂന്ന് ലക്ഷത്തിലധികം ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞെന്നും അർഹതപ്പെട്ട എല്ലാവർക്കും വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വടക്കാഞ്ചേരിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം പൂർത്തീകരിക്കുന്നതിന് നിയമനടപടികൾ ത്വരിതപ്പെടുത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും മാലിന്യമുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3(*3) ദേശീയപാത വികസനം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നതെന്നും പദ്ധതിക്കാവശ്യമായ ഭൂമിയുടെ 98.92 ശതമാനം ഏറ്റെടുത്തുകഴിഞ്ഞെന്നും 2025-ഓടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ദേശീയപാത വികസനത്തിനായി സ്ഥലം വിട്ടുനൽകുന്നവർക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉറപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരത്തുകയുടെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ യോഗങ്ങൾ കൂടുകയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാർ സഹകരണത്തോടെ തിരുവനന്തപുരത്ത് Outer Ring Road പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും കൊല്ലം-ചെങ്കോട്ട ദേശീയപാത വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും

തൃശ്ശൂർ മുതൽ ഇടപ്പള്ളിവരെ ആറുവരിപ്പാതയാക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും ആലുവ മാർത്താണ്ഡവർമ്മ പാലത്തിനുസമീപത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് മറ്റൊരുപാലം പണിയുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്നും ആവശ്യമായ സ്ഥലങ്ങളിൽ ദേശീയപാതയോടനുബന്ധിച്ച് അടിപ്പാതകൾ നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4(*4) <u>മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയാസൗകര്യം</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ ലഭ്യമാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് മരണാനന്തര അവയവദാനവും സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകളും വർദ്ധിപ്പിക്കുന്നതിനും എല്ലാ അവയവദാന പ്രക്രിയകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ

(കെ-സോട്ടോ) രൂപീകരിക്കുകയും അവയവമാറ്റവുമായി ബന്ധപ്പെട്ടുള്ള ചൂഷണം തടയുന്നതിനായി ബന്ധുവേതര അവയവദാനത്തിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം തയ്യാറാക്കുന്നതിന് കെ-സോട്ടോയെ ചുമതലപ്പെടുത്തുകയും ഇതിന്റെ ഭാഗമായി പോസ്റ്റ് ട്രാൻസ്പ്ലാന്റ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയാ സ്ഥാപനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിനും ആരോഗ്യ മേഖലയിലെ ഗവേഷണ/പരിശീലനശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അവയവമാറ്റ ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലുൾപ്പെടുത്തി സൗജന്യ മരുന്നുവിതരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇവർക്കാവശ്യമായ മരുന്നുകളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.